**സമഗ്ര ശിക്ഷാ കേരളം**

**പാദവാർഷിക ആത്യന്തിക വിലയിരുത്തൽ 2025-26**

**സാമൂഹ്യശാസ്ത്രം**

**ക്ലാസ്സ് 8** **സമയം 1.30 മണിക്കൂർ**

**ആകെ സ്കോർ 40**

**ഉത്തരസൂചിക**

**1.** D മുണ്ട കലാപം

**2.** C

**3.** B

**4.** പണ്ഡിത രമാബായി

**5.** A)അന്താരാഷ്ട്ര ദിനാങ്കന രേഖ

ഇരുവശത്തുമായി 24 മണിക്കൂർ സമയവ്യത്യാസം ഉണ്ട് ഈ രേഖ മുറിച്ച് കിഴക്കോട്ട് യാത്ര ചെയ്യുന്ന വ്യക്തിക്ക് ഒരു കലണ്ടർ ദിനം നഷ്ടമാവുകയും പടിഞ്ഞാറോട്ട് യാത്ര ചെയ്യുന്ന വ്യക്തിക്ക് ഒരു ദിവസം അധികം ലഭിക്കുകയും ചെയ്യും

ഈ രേഖ മുറിച്ച് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്ന സഞ്ചാരികൾ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു കൊഴുപ്പ് കൊണ്ട്

B) i) **7** am

ii) **9** am

**6.** A) അമേരിക്കൻ അവകാശ പത്രിക

B) ഐക്യരാഷ്ട്ര സംഘടനയുടെ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം

**7** I) അടിസ്ഥാന ആവശ്യങ്ങൾ

ii) സന്തോഷദായക ആവശ്യങ്ങൾ

**8.** A) ഡോ. ബി.ആർ. അംബേദ്കർ

B) i)സുപ്രീം കോടതിയും ഹൈക്കോടതികളും റിട്ടുകളിലൂടെയാണ് മൗലിക അവകാശങ്ങൾ പുന:സ്ഥാപിക്കുന്നത്.

ii) ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, ക്വോവാറൻ്റോ, സെർഷ്യോറൈറൈ തുടങ്ങിയവയാണ് വിവിധ റിട്ടുകൾ.

B) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ആറ് വയസിനും പതിനാല് വയസിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കി.

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ സംസ്കാരവും ഭാഷയും ലിപിയും സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള മാർഗങ്ങളാണ് സാംസകാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ. ഇതു പ്രകാരം മതപരവും ഭാഷാപരവും സാംസ്കാരികവുമായ എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടേതായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത്തിനും നടത്തുന്നതിനും അവകാശമുണ്ട്.

**9.** i) കഴ്സൺ പ്രഭു

ii) വിഭജനം നിലവിൽ വന്ന **1905** ഒക്ടോബർ **16** ന് ബംഗളിലുടനീളം ദുഃഖാചരണം നടന്നു. കൽക്കത്തയിൽ ഹർത്താൽ ആചരിച്ചു. രബീന്ദ്രനാഥ ടാഗോർ രചിച്ച 'അമർ സോണാർ ബംഗ്ല' എന്ന ദേശഭക്തിഗാനവും ആലപിച്ചുകൊണ്ട് ജനങ്ങൾ തെരുവിൽ സംഘടിച്ചു. ഈ പ്രതിഷേധങ്ങൾ ഒരു വലിയ സമരമായി മാറി ഇത് സ്വദേശി പ്രസ്ഥാനം എന്ന് അറിയപ്പെടുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ശക്തമായ ഒരു കുതിച്ചുചാട്ടമുണ്ടായത് സ്വദേശി പ്രസ്ഥാനത്തോട് കൂടിയാണ്.

MADANAN CK HST GHSS KSD

**10.** 1)സ്വയം പര്യാപ്തത, വികേന്ദ്രീകരണം എന്നിവയിൽ അധിഷ്ഠിതമായ സമ്പത്ത് വ്യവസ്ഥയാണ് ഗാന്ധിജി വിഭാവനം ചെയ്തത്

2. പ്രാദേശികമായി തൊഴിലവസരങ്ങൾ വർധിപ്പിക്കാൻ ഗ്രാമീണ വ്യവസായങ്ങളെ പരിപോഷിപ്പിക്കേണ്ടതുണ്ട്.

3. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടെ വിപണനത്തിനായി പ്രാദേശിക വിപണികൾ വിപുലപ്പെടുത്തുക.

4.സാമൂഹിക നീതി ഉറപ്പാക്കാനായി സാമ്പത്തിക സമത്വം ലഘൂകരിക്കണം.

11.വസന്തകാലം,ഗ്രീഷ്മകാലം,ശരത്കാലം,ശൈത്യകാലം

വസന്തകാലത്ത് സസ്യങ്ങൾ പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു.

ഇക്കാലയളവിൽ പകലിൻ്റെ ദൈർഘ്യം ക്രമേണ കൂടി വരുന്നു.

12.A) i) ഉയർന്ന നിരക്കിൽ ഉള്ള നികുതിയടക്കാൻ കർഷകർ ബുദ്ധിമുട്ടി.

Iii)കർഷകർക്ക് കൃഷിഭൂമി നഷ്ടപ്പെടാതിരിക്കാൻ പണമിടപാടുകാരെ ആശ്രയിക്കേണ്ടി വന്നു.

iv)കടക്കണിയിൽപെട്ട കർഷകർക്ക് ഭൂമി നഷ്ടപ്പെട്ടു.

B)i)ബ്രിട്ടീഷുകാരായ തോട്ടക്കാർ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഫാക്ടറികൾക്ക് ആവശ്യമായ അമരച്ചെടി കൃഷി ചെയ്യാൻ കർഷകരെ നിർബന്ധിച്ചു

ii) അമരച്ചെടിയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന നീലം ബ്രിട്ടീഷുകാർക്ക് മാത്രമേ വിൽക്കാൻ കഴിയുമായിരുന്നുള്ളൂ.

iii) നീലത്തിന് കമ്പോള വിലയേക്കാൾ താഴ്ന്ന വില മാത്രമാണ് കർഷകർക്ക് ബ്രിട്ടീഷുകാർ നൽകിയിരുന്നത്.

iv) കടുത്ത ഭക്ഷ്യ ക്ഷാമത്തിനും ചൂഷണത്തിനും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും ഇ വഴിതെളിച്ചു.

v) കൃത്രിമ ചായം കണ്ടെത്തിയതോടെ നീലത്തിൻ്റെ ആവശ്യകത കുറഞ്ഞത് ദാരിദ്ര്യം വർദ്ധിപ്പിച്ചു മറ്റു വഴികളില്ലാതെ കർഷകർ ബ്രിട്ടീഷുകാർക്കെതിരെ പ്രക്ഷോഭത്തിന് പാതയിലേക്ക് തിരിഞ്ഞു.

13.i) **സാമ്പത്തിക നയം**

ബ്രിട്ടീഷുകാരുടെ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്ന കോളനിയായും ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന ഒരു കമ്പോളമായും ഇന്ത്യ മാറി സാമ്പത്തിക ചൂഷണമായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യം. ഇതിനായി അവർ സ്വീകരിച്ച നയങ്ങൾ ഇന്ത്യയിൽ തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമായി തത്ഫലമായി കർഷകർ, കൈവേലക്കാർ, ചെറുകിട കാച്ചവടക്കാർ, ഗോത്ര വിഭാഗക്കാർ തുടങ്ങിയ വിവിധ വിഭാഗങ്ങൾ ബ്രിട്ടീഷുകാർക്കെതിരെ പോരാട്ടം ആരംഭിച്ചു

ii)**പാശ്ചാത്യ വിദ്യാഭ്യാസം**

ബ്രിട്ടീഷ് കാരുടെ മേന്മയെ ഉയർത്തിക്കാണിക്കാനും ഇന്ത്യക്കാരെ സംസ്കാരികമായി തങ്ങൾക്ക് വിധേയരാക്കാനും തങ്ങളുടെ അനുഭാവമുള്ള ഒരു വിഭാഗം ഇന്ത്യക്കാരെ വാർത്തെടുക്കാനുമാണ് ബ്രിട്ടീഷുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ചത്. എന്നാൽ ഇംഗ്ലീഷിൽ വിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർ ജനാധിപത്യം, സ്വാതന്ത്ര്യം, സ്ഥിതിസമത്വം, തുല്യനീതി, ശാസ്ത്രബോധം, പൗരാവകാശം എന്നിവയെക്കുറിച്ച് ബോധമുള്ളവരായി മാറി.

പുതിയ ആശയങ്ങൾ പരിചയപ്പെട്ട ഇന്ത്യക്കാർ തങ്ങളുടെ രാജ്യം എങ്ങനെ ബ്രിട്ടൻ്റെ കീഴിലായി എന്ന് ചിന്തിച്ചു. ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിക്കേണ്ടതിൻ്റെ ആവശ്യകതയെ പറ്റി അവർ നിരന്തരം സംസാരിച്ചു.

14 A i)സതി നിർത്തലാക്കുന്നതിന് മുഖ്യപങ്ക് വഹിച്ചു.

ii) ആധുനിക വിദ്യാഭ്യാസത്തിനായി നിരവധി സ്കൂളുകൾ ആരംഭിച്ചു.

iii) ബ്രഹ്മസമാജം എന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനം ആരംഭിച്ചു.

iv) ശൈശമവവിവാഹം, ബഹുഭാര്യത്വം എന്നീ സാമൂഹിക നന്മകൾക്കെതിരെ പോരാടി.

v) സ്ത്രീകൾക്ക് പൈതൃക സ്വത്തിൽ അവകാശമുണ്ടെന്ന് വാദിച്ചു.

vi) വിഗ്രഹാരാധന, ബഹുദൈവ വിശ്വാസം എന്നിവക്കെതിരെ നിലകൊണ്ടു.

B) **ദത്തവകാശ നിരോധന നിയമം**

WADHANACK HST GHSS KSD

ഒരു നാട്ടുരാജ്യത്തിലെ ഭരണാധികാരി പിന്തുടർച്ചവകാശികളായി ആൺമക്കൾ ഇല്ലാതെ മരിച്ചാൽ മറ്റൊരു കുടുംബത്തിൽ നിന്ന് ഒരാൺകുട്ടിയെ അനന്തരാവകാശിയായി ദത്തെടുക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടായിരുന്നു എന്നാൽ ബ്രിട്ടീഷ് ഗവർണർ ജനറൽ ആയിരുന്ന ഡൽഹൗസി പ്രഭു നടപ്പാക്കിയ തത്തവകാശ നിരോധന നിയമപ്രകാരം ദത്തെടുക്കാനുള്ള രാജാവിൻറെ അധികാരം ഇല്ലാതായി അന്തരാവകാശി ഇല്ലാതാകുന്നതോടെ ആ നാട്ടുരാജ്യം ഇംഗ്ലീഷ് ഇന്ത്യ കമ്പനിയുടെ നിയന്ത്രണത്തിൽ ആയി.

**ഇന്ത്യൻ സൈനികരുടെ അസംതൃപ്തി**

ബ്രിട്ടീഷ് പടയാളികളുടെ അത്രതന്നെ സമർത്ഥരായിരുന്നെങ്കിലും ഇന്ത്യൻ സൈനികർക്ക് കുറഞ്ഞ വേതനവും മോശം ഭക്ഷണവും താമസസൗകര്യവുമായിരുന്നു നൽകിയിരുന്നത്.

നിറഞ്ഞ ഈ സാഹചര്യത്തിലാണ് കമ്പനി പുതിയതരം എൻഫീൽഡ് തോക്കുകൾ സൈനികർക്ക് വിതരണം ചെയ്തത് അതിൻറെ വെടിയുണ്ടകൾക്ക് കൊഴുപ്പ് കൊണ്ട് ഗ്രീസ് പുരട്ടി ഒരു കടലാസ് കവർ ഉണ്ടായിരുന്നു. തോക്കിൽ വെടിയുണ്ട നിറയ്ക്കുന്നതിന് മുമ്പ് ഈ കവർ കടിച്ചു കീറണമായിരുന്നു. കവറിൽ പുരട്ടിയിരുന്നത് പശുവിന്റെയും പന്നിയുടെയും ഉണ്ടാക്കിയ ഒരുതരം ഗ്രീസ് ആയിരുന്നു എന്ന പ്രചാരണം സൈനികർക്കിടയിൽ ഉണ്ടായി ഇത് അവരുടെ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്നതായിരുന്നു

ഇതിനെതിരെ പ്രതിഷേധം സൈനികരുടെ ഇടയിൽ ഉണ്ടായി തോക്കിൽ വെടിയുണ്ട നിറയ്ക്കുന്നതിന് നിർബന്ധിച്ച ബ്രിട്ടീഷ് സൈനികനെ ആക്രമിച്ചതിന് മംഗൽ പാണ്ഡെ 1857 ഏപ്രിൽ 8 ന് ബ്രിട്ടീഷുകാർ തൂക്കിലേറ്റി.

ഇതിനെ തുടർന്ന് ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ സൈനികർ ബ്രിട്ടീഷ്ക്കാർക്കെതിരെ കലാപം നടത്തി.

**15. ഗ്രീഷ്മ അയനാന്തദിനം**

ഉത്തരാർദ്ധഗോളത്തിൽ മാർച്ച് 21 മുതലേ ജൂൺ 21 വരെയുള്ള കാലയളവിൽ ഭൂമധ്യരേഖയിൽ നിന്ന് സൂര്യൻറെ ആപേക്ഷിക സ്ഥാനം വടക്കോട്ട് ഉത്തരായണ രേഖവരെയാണ്. ഇതിൻറെ ഫലമായി ജൂൺ 21ന് ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു. ഈ ദിവസം ഗ്രീഷ്മ അയനാന്ത ദിനം എന്ന് പറയുന്നു

മാർച്ച് മുതൽ സെപ്റ്റംബർ വരെയുള്ള ആറുമാസക്കാലം സൂര്യൻറെ ആപേക്ഷിക സ്ഥാനം ഉത്തരാർദ്ധ കോളത്തിൽ ആയതിനാൽ ഈ കാലയളവിൽ ഉത്തരധ്രുവ പ്രദേശങ്ങളിൽ ആറുമാസക്കാലം തുടർച്ചയായി പകൽ വെളിച്ചം ഉണ്ടാകും.

**ശൈത്യ അയനാന്തദിനം**

ദക്ഷിണാർദ്ധഗോളത്തിൽ സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയുള്ള കാലയളവിൽ ഭൂമധ്യരേഖയിൽ നിന്നും സൂര്യൻറെ ആപേക്ഷിക സ്ഥാനം മാറ്റം തെക്കോട്ട് ദക്ഷിണായന രേഖ വരെയാണ് ഇതിൻറെ ഫലമായി ഡിസംബർ 22ന് ദക്ഷിണാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു ഈ ദിവസം ശൈത്യനാന്ത ദിനം എന്നറിയപ്പെടുന്നു. സെപ്റ്റംബർ മുതൽ മാർച്ച് വരെ നേടുന്ന ആറുമാസക്കാലം സൂര്യൻറെ ആപേക്ഷിക സ്ഥാനം ദക്ഷിണാർദ്ധഗോളത്തിൽ ആയതിനാൽ ഈ കാലയളവിൽ ഉത്തര ദ്രുവപ്രദേശങ്ങളിൽ ആറുമാസക്കാലം തുടർച്ചയായി ഇരുട്ടായിരിക്കും.

**സി കെ മദനൻ**

**എച്ച് എസ് ടി സോഷ്യൽ സയൻസ്**

**ജി എച്ച് എസ്എസ് കാസർഗോഡ്**

---

MADANAN CK HST GHSS KSD